കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - പായം ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ആവശ്യമുള്ളവർക്ക് അനുവദിക്കുന്നത് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.287/19/തസ്വഭവ    തിരുവനന്തപുരം, തീയതി,11.02.2019

പരാമർശം :- പഞ്ചായത്ത് ഡയറക്ടറുടെ 08/11/2018 ലെ PAN/25230/18/C5(DP നം. കത്ത്

ഉത്തരവ്

കണ്ണൂർ ജില്ലയിലെ പായം ഗ്രാമ പഞ്ചായത്തിൽ മൂന്ന് നിലകളിലായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി, ഗ്രൗണ്ട് ഫ്ളോറിലെയും ഒന്നാം നിലയിലെയും മുറികൾ , ആവശ്യമുള്ളവരിൽ നിന്നും ലേല നടപടികളിലൂടെ മുൻകൂറായി സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക വാങ്ങുന്നതിനും രണ്ടും മൂന്നും നിലകൾ ലേലനടപടികളില്ലാതെ കേരള ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന് തിയേറ്റർ നിർമ്മിക്കുന്നതിന് നൽകുന്നതിനുമുള്ള അനുമതി നല്കണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പായം ഗ്രാമ പഞ്ചായത്തിൽ മൂന്ന് നിലകളിലായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഷോപ്പിംഗ് കോപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി, ഗ്രൗണ്ട് ഫ്ളോറിലെയും ഒന്നാം നിലയിലെയും മുറികൾ , ആവശ്യമുള്ളവരിൽ നിന്നും ലേല നടപടികളിലൂടെ മുൻകൂറായി സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക വാങ്ങുന്നതിനും രണ്ടും മൂന്നും നിലകൾ ലേലനടപടികളില്ലാതെ കേരള ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന് തിയേറ്റർ നിർമ്മിക്കുന്നതിന് നൽകുന്നതിനുമുള്ള അനുമതി ഇത് സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ സർക്കാർ നിബന്ധനകളും നടപടി ക്രമങ്ങളും പാലിക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡണ്ട് , പായം ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി2/373/2018/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ